നം.പി5/3786/2016

വിദ്യാഭ്യാസ ഉപ ഡയറക്ടറാഫീസ്,
പാലക്കാട്. തിയതി: 24/06/2016

ഇ-മെയിൽ ddepkd@gmail.com

ഫോൺ : 0491-2505469

## സർക്കുലർ

വിഷയം:- കെ.എ.എസ്.ഇ.പി.എഫ്-ഗെയിൻ പി.എഫ് നടപ്പിലാക്കുന്നത് സംബന്ധിച്ച്

സൂചന :- വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സർക്കുലർ പി.എഫ് ജനറൽ (1)5 5142/16 തീയതി 04/06/2016.

ഗെയിൻ പി.എഫ് നടപ്പിലാക്കുന്നത് സംബന്ധിച്ച്. വിശദമായ ക്ലാസ്സ് എല്ലാ സബ് ഓഫീസുകൾക്കുമായി 15/06/2016 നകം നടത്തുകയുണ്ടായി. എന്നാലും ധാരണ പിശകുമൂലം പല തെറ്റുകളും വരുന്നതായി ശ്രദ്ധയിൽപെട്ടിരിക്കുന്നു. ആയത് ദൂരീകരിക്കാൻ വേണ്ടിയാണ് ഈ സർക്കുലർ ഇറക്കുന്നത്. താൽക്കാലിക ലോണുകളും, എൻ.ആർ.എ യും അനുവദിക്കാൻ ഓരോ അധികാരിക്കും നിലവിൽ നൽകിയിട്ടുള്ള അധികാര പരിധിയിൽ യാതൊരു മാറ്റവുമില്ല. ഗെയിൻ പി.എഫ് ൽ ഓൺലൈൻ പരിശോധന ഈ കാര്യാലയത്തിൽ നിന്നും പൂർത്തിയാക്കിയാൽ ബന്ധപ്പെട്ട അധികാരിക്ക് തന്റെ അധികാരപരിധിക്ക് അനുസരിച്ചുള്ള ലോൺ അനുവദിച്ച ഉത്തരവ് ഇറക്കാവുന്നതാണ്. എൻ.ആർ.എ യെ സംബന്ധിച്ച് ഏത് അധികാരി പാസ്സാക്കിയാലും ഗെയിൻ പി.എഫ് ൽ നിന്ന് ഡൗൺലോഡ് ചെയ്ത സാങ്ഷൻ സ്ലിപ് അസിസ്റ്റന്റ് പ്രൊവിഡണ്ട് ഫണ്ട് ഓഫീസറുടെ കാര്യാലയത്തിൽ നിന്ന് ബന്ധപ്പെട്ട ട്രഷറിക്ക് മാത്രം അയച്ചുകൊടുക്കുന്നതാണ്.

ഗെയിൻ പി.എഫ് മുഖാന്തിരം ടി.എ, എൻ.ആർ.എ ഓൺലൈൻ ആയി അപേക്ഷിച്ചതിന് ശേഷം താഴെ പറയുന്ന രേഖകൾ sanctioning Authority ആയ ഓഫീസർക്കും അതോടൊപ്പം ഒരു പകർപ്പ് പ്രധാന അദ്ധ്യാപകൻ മുഖാന്തിരം നേരിട്ട് അസിസ്റ്റന്റ് പ്രൊവിഡണ്ട് ഫണ്ട് ഓഫീസറുടെ ഓഫീസിലും നൽകേണ്ടതാണ്. പ്രസ്തുത അപേക്ഷയിൽ താഴെ പറയുന്ന രേഖകൾ ഉൾപ്പെടുത്തിയിരിക്കണം.

1) ഫോം.ഡി 1 കോപ്പി
2) എ.ബി.സി.ഡി സ്റ്റേറ്റ്മെന്റ് 1 കോപ്പി
3) മുൻ ടി.എ/എൻ.ആർ.എ അനുവദിച്ചതിന്റെ പകർപ്പ് - 1 കോപ്പി
4) അനക്സർ - 1 കോപ്പി
5) ക്രെഡിറ്റ് കാർഡ് ( 3 വർഷത്തെ) പകർപ്പ്
6) അഫിഡവിറ്റ്/ഡിക്ലറേഷൻ (എൻ.ആർ.എ യ്ക്ക് മാത്രം)
7) സർട്ടിഫിക്കറ്റ്/ഡിക്ലറേഷൻ (എൻ.ആർ.എ യ്ക്ക് മാത്രം)

ഫോറം ഡി യിൽ 6-ാം കോളത്തിൽ ഇൻസ്റ്റാൾമെന്റ് എണ്ണത്തോടൊപ്പം ഇൻസ്റ്റാൾമെന്റ് തുക കൂടി രേഖപ്പെടുത്തേണ്ടതാണ്. ഇങ്ങനെ കിട്ടുന്ന അപേക്ഷകൾ അസിസ്റ്റന്റ് പ്രൊവിഡണ്ട് ഫണ്ട് ഓഫീസിൽ പരിശോധിച്ചതിന് ശേഷം ബന്ധപ്പെട്ട sanctioning Authority യ്ക്ക് ഓൺലൈൻ ആയി സമർപ്പിക്കുന്നതാണ്. അസിസ്റ്റന്റ് പ്രൊവിഡണ്ട് ഓഫീസറുടെ പരിശോധനയ്ക്ക് ശേഷം ബന്ധപ്പെട്ട അധികാരികൾ ലോൺ സാങ്ഷൻ ഉത്തരവ് സ്ക്കൂളിലേയ്ക്കും ട്രഷറിയിലേക്കും അസിസ്റ്റന്റ് പ്രൊവിഡണ്ട് ഓഫീസിലേയ്ക്കും നേരിട്ട് സമർപ്പിക്കേണ്ടതാണ്.

ട്രഷറിയിൽ ബിൽ സമർപ്പിക്കുമ്പോൾ താഴെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.

1) സാങ്ഷൻ ഓർഡർ
2) സ്പാർക്ക് ബിൽ
3) എ.ബി.സി.ഡി സ്റ്റേറ്റ്മെന്റ് ഡി.ഡി.ഒ ഒപ്പിട്ടത്
4) അനക്സർ ഡി.ഡി.ഒ ഒപ്പിട്ടത്

അഡ്മിഷൻ, ക്ലോഷർ എന്നിവ നിലവിലുള്ള രീതിയിൽ തന്നെ തുടരുന്നതാണ്.

24/6/16

അസിസ്റ്റന്റ് പ്രൊവിഡണ്ട് ഓഫീസർ
വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
പാലക്കാട്

<u>സ്വീകർത്താവ്</u>

എല്ലാ ജില്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
പി.എഫ് ലെ എല്ലാ സെക്ഷനുകൾക്കും
എല്ലാ പ്രധാന അദ്ധ്യാപകർക്കും

യു.കെ 24/06/2016